## ആരോഗ്യ വകുപ്പിലെ സെൻട്രൽ പർച്ചേസ് കമ്മിറ്റി

**138 (3092)** ശ്രീ. പി. നാരായണൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിലേക്ക് ഈ വർഷം മരുന്നു വാങ്ങുന്നതിനായി സെൻട്രൽ പർച്ചേസ് കമ്മറ്റി എത്ര പ്രാവശ്യം യോഗം ചേർന്നു.

(ബി) മരുന്നു നൽകേണ്ട സ്ഥാപനങ്ങളെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാലതാമസം ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സെൻട്രൽ പർച്ചേസ് കമ്മിറ്റി എല്ലാ മാസവും പതിവ് യോഗം ചേരുന്നുണ്ട്. ഇതിനു പുറമേ കമ്പനികൾ രജിസ്ട്രേഷനായി സമർപ്പിക്കുന്ന രേഖകൾ പരിശോധിക്കുന്നതിനുവേണ്ടി പ്രത്യേക സബ് കമ്മിറ്റികൾ രൂപീകരിക്കുകയും കമ്മിറ്റികൾ നിരവധി തവണ യോഗം ചേരുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഡ്രഗ്വെക്കാബുലറി പരിഷ്ക്കരിക്കുന്നതിനു വേണ്ടിയുള്ള ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി രണ്ടു തവണ യോഗം ചേരുകയും ചെയ്തു.

(ബി) മരുന്നുകൾ സപ്ലൈ ചെയ്യാനുള്ള കമ്പനികളെ തെരഞ്ഞെടുത്തു കഴിഞ്ഞു.

(സി) ചോദ്യം ഉദിക്കുന്നില്ല.

## മദ്യജന്യരോഗ ചികിത്സ

**139 (3093)** ശ്രീ. എം. പി. ഗംഗാധരൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. പി. ടി. തോമസ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടാകുന്ന മദ്യജന്യ രോഗങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത രോഗങ്ങൾ ബാധിക്കുന്നവരുടെ എണ്ണം കൂടുകയാണോ കുറയുകയാണോ ചെയ്യുന്നത് ;

(സി) മദ്യജന്യരോഗങ്ങൾ സംസ്ഥാനത്ത് എത്രപേർക്കുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly